വെറ്ററിനറി ആശുപത്രികളിലെയും ഡിസ്പെൻസറികളിലെയും തസ്തികകൾ

169 (3005) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വെറ്ററിനറി ആശുപത്രികളിലും വെറ്ററിനറി ഡിസ്പെൻസറികളിലുമായി എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; വിശദാംശം നൽകാമോ;

(ബി) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ പത്തു വർഷക്കാലയളവിൽ പി.എസ്.സി. മുഖേന എത്രപേരെ നിയമിച്ചിട്ടുണ്ട്; ഇതിൽ എത്രപേരാണ് ചാർജ്ജെടുത്തത്;

(സി) പല കാരണങ്ങളാൽ സംസ്ഥാന വ്യാപകമായി ഒഴിച്ചിടുന്ന തസ്തികകൾ കാസർഗോഡ് ജില്ലയിലേക്കുമാറ്റി മറ്റിടങ്ങളിൽ നിയമനം നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 17 വെറ്ററിനറി സർജൻ, 8 ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ബി) കഴിഞ്ഞ പത്തുവർഷ കാലയളവിൽ പി.എസ്.സി. മുഖേന നിയമിച്ചവരുടെയും അതിൽ ചാർജ്ജ് എടുത്തവരുടെയും എണ്ണം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	തസ്തികയുടെ പേര്	പി.എസ്.സി. മുഖേന നിയമനം ലഭിച്ചവരുടെ എണ്ണം	ചാർജ്ജെടുത്തവരുടെ എണ്ണം
1	വെറ്ററിനറി സർജൻ	41	29
2	ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ	63	56
3	ക്ലാർക്ക്	10	4
4	ക്ലാർക്ക് ടൈപ്പിസ്റ്റ്	1	1
5	എൽ.ഡി. ടൈപ്പിസ്റ്റ്	8	6
6	ലാബ് ടെക്നീഷ്യൻ	3	3
7	ഡ്രൈവർ	3	3
8	നൈറ്റ് വാച്ചർ	11	6

(സി) നിയമനം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly